**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2168 — 04.11.2019 ൽ മറുപടിക്ക്

## ആരോഗ്യ മേഖലയിൽ ലഭ്യമായ പുരസ്കാരങ്ങൾ

| ചോദ്യം<br><br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ദേശീയ/അന്തർദേശീയ പുരസ്കാരങ്ങൾ ലഭ്യമായി; വിശദാംശം അറിയിക്കുമോ? | 2018 ഒക്ടോബർ 23-ന് ചെന്നൈയിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണ മേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വച്ച് 29.06.2018-ൽ നടന്ന പ്രധാനമന്ത്രി സുരക്ഷ അബിയാൻ അവാർഡ്ദാന ചടങ്ങിൽ മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് മൈനാഗപ്പള്ളി അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, അർഹമായി. കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്കും ഏറ്റവും മികച്ച സേവനത്തിനുള്ള സ്കോച്ച് അവാർഡ് ലഭിക്കുകയുണ്ടായി. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന ഹൃദ്യം പദ്ധതിക്ക് സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നീ രണ്ടു പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇത് 2018 മാർച്ച് മാസത്തിൽ സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ് ഹെൽത്ത് കെയർ അവാർഡ് എന്നിവയാണ്. ബെസ്റ്റ് പ്രാക്ടീസ് ഇൻ പബ്ലിക് ഹെൽത്ത് കെയർ അവാർഡ് എന്നിവയാണ്. ബെസ്റ്റ് പ്രാക്ടീസ് ഇൻ പബ്ലിക് ഹെൽത്ത് എന്ന ബഹുമതിയ്ക്ക് 2018 ൽ കേരളത്തിൽ നടപ്പിലാക്കിയ ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷേറ്റീവ് (ഐ.എച്ച്.എം) അർഹമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ